# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5018      14.11.2019 ലെ മറുപടി

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.അബ്ദു റബ്ബ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പ്രദേശത്ത് കടൽക്ഷോഭം മൂലം ഉണ്ടാകുന്ന വ്യാപക നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് കടൽഭിത്തി നിർമ്മിക്കാൻ 2018-19-ലെ ബഡ്ജറ്റിൽ പറഞ്ഞ പ്രകാരമുള്ള തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്, വിശദീകരിക്കാമോ? | 2018-19 ലെ ബഡ്ജറ്റിൽ ഉള്ളതും ഭരണാനുമതി ഇല്ലാത്തതുമായ പ്രവൃത്തികളിൽ പരപ്പനങ്ങാടി സദാംബീച്ച്, ഹവീൽ ബീച്ച്, പുത്തൻ കടപ്പുറം, ഒട്ടുമ്മൽ, ചാപ്പപ്പടി, ആലുങ്ങൽ ഫിഷ് ലാന്റിംഗ് സെന്റർ, വളപ്പിൽ എന്നിവിടങ്ങളിൽ കടൽ ഭിത്തി നിർമാണം (ബഡ്ജറ്റ് നമ്പർ 6495/262 Vol 2 ടോക്കൺ പ്രൊവിഷൻ 100 അടങ്കൽ തുക 5000 ലക്ഷം) ഉൾപ്പെട്ടിരുന്നു.<br><br>പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ വളപ്പിൽ ഭാഗമിലെ സി.പി. 1710 - ന് സമീപത്ത് 100 മീ. നീളത്തിൽ ജിയോസിന്തറ്റിക് ട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്നതിന് 84 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സ.ഉ(കൈ) നം.20/2019/ജവിവ തീയതി 27.05.2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ ഡിപ്പാർട്ട്മെന്റ് പ്രസ്തുത സ്ഥലത്ത് ഒരു കോൺക്രീറ്റ് സംരക്ഷണവാൾ നിർമ്മിച്ചതിനാൽ കടൽഭിത്തി നിർമാണം ആവശ്യമാണോ എന്ന് പുനഃപരിശോധിക്കുന്നതാണ്.<br><br>കൂടാതെ ഈ സാമ്പത്തികവർഷത്തിൽ പരപ്പനങ്ങാടി പ്രദേശത്തു സ.ഉ(കൈ)നം.21/2019/ജവിവ തീയതി 15/06/2019 ഉത്തരവ് പ്രകാരം തീരദേശമേഖലകളിൽ അടിയന്തരമായി കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കോർവാൾ ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| 1 | എൻ.സി- എ.എസ്.ഇ പ്രവൃത്തി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപടിയിൽ CESCP 1705 - ന് സമീപം (CESCP 1705 ന്റെ തെക്ക് 29 വരെ) 70 മീ. നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം - റീച്ച് - 2 | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 2 | നാചറൽ കലാമിറ്റി - എ.എസ്.ഇ പ്രവൃത്തി - പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപ്പടിയിൽ (CESCP 1705 - നം 1704 - നം ഇടയിൽ 70 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം - റീച്ച് - 3 | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 3 | നാചറൽ കലാമിറ്റി 2019 -20 എ.എസ്.ഇ പ്രവൃത്തി - പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപ്പടിയിൽ (CESCP 1704 - ന് വടക്ക് 31 മീറ്റർ മുതൽ തെക്കോട് 70 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം - | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 4 | നാചറൽ കലാമിറ്റി ( 2019 -20 )പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപ്പടിയിൽ (CESCP 1705 - നം 1706 നം ഇടയിൽ (മുറിത്തോട് കൾവെർട്ട് മുതൽ തെക്കോട്ട് ) 70 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം റീച്ച് - 1 | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 5 | നാചറൽ കലാമിറ്റി എ.എസ്.ഇ. പ്രവൃത്തി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പുത്തൻ കടപ്പുറത്ത് സി.ഇ.എസ് 1698 - ന് സമീപം 30 മീറ്റർ നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം | 6.25 | ക്വട്ടേഷൻ നടപടികളിലാണ് |
| 6 | നാചറൽ കലാമിറ്റി ( 2019 -20 ) എ.എസ്.ഇ പ്രവൃത്തി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപ്പടിയിൽ (CESCP 1704 ൻറെ വടക്ക് 31 മീ മുതൽ 70 മീ. വടക്കോട്ട് ) 70 മീ.നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 7 | നാചറൽ കലാമിറ്റി എ.എസ്.ഇ. പ്രവൃത്തി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ സി.ഇ.എസ്.സി.പി 1714 ൻറെ 26 മീ. തെക്ക് ആലിങ്ങൽ ബീച്ചിലെ ഫിഷ് ലാന്റിംഗ് സെന്ററിനടുത്ത് 70 മീ. നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 8 | നാചറൽ കലാമിറ്റി എ.എസ്.ഇ. പ്രവൃത്തി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ സി.ഇ.എസ്.സി.പി 1703 നം 1704 നം ഇടയിൽ ചാപ്പപ്പടിയിൽ 70 മീ. നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| 9 | നാചറൽ കലാമിറ്റി ( 2019 -20 ) പരപ്പനങ്ങാടി മുനിസിപ്പാലിറ്റി യിലെ (CESCP 1712 ൻറെ 8 മീറ്റർ തെക്ക് ആലിങ്ങൽ ബീച്ചിൽ (പള്ളി കളം) 70 മീ. നീളത്തിൽ കോർവാൾ ഉപയോഗിച്ച് അടിയന്തിര സംരക്ഷണം | 14.58 | ക്വട്ടേഷൻ നടപടികളിലാണ് |
| ആകെ | | 122.89 ലക്ഷം | |

സെക്ഷൻ ഓഫീസർ